(എ) പട്ടികജാതി വികസന വകുപ്പിൽ കുക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി സരസമ്മ കൃഷ്ണൻ എന്ന പട്ടികജാതിക്കാരിയായ വിധവയെ സർവ്വീസിൽ എപ്പോഴെങ്കിലും തരംതാഴ്ത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; ഇവരെ തരം താഴ്ത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) തരം താഴ്ത്തലിനെതിരെ ശ്രീമതി സരസമ്മ കൃഷ്ണൻ സർക്കാരിന് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തി ശ്രീമതി. സരസമ്മ കൃഷ്ണനെതിരെ അന്യായമായി അച്ചടക്ക നടപടി സ്വീകരിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുകയും തരംതാഴ്ത്തൽ നടപടി പിൻവലിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹോസ്റ്റലിൽ നൽകിയിരുന്ന ഭക്ഷണം പാകം ചെയ്യുന്നതിൽ അപാകതയുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ജില്ലാ വെൽഫയർ ആഫീസർ ടിയാളെ കുക്കായി തരം താഴ്ത്തിയത്. 16.10.85 ലെ കെ. 2-10089/83 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി[+] ചേർത്തിട്ടുണ്ട്.

(സി) തരം താഴ്ത്തൽ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ടിയാൾക്ക് അർഹതപ്പെട്ട കുടിശ്ശിക ആനുകൂല്യങ്ങൾ അനുവദിക്കാൻ അപ്പീൽ അധികാരിയായ പട്ടികജാതി വികസന ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തു.

(ഡി) തരം താഴ്ത്തൽ ഉത്തരവ് പുറപ്പെടുവിച്ച ജില്ലാ ആഫീസർ സേവനത്തിൽനിന്നും പിരിഞ്ഞുകഴിഞ്ഞതിനാൽ ടിയാൾക്കെതിരെ നടപടികളൊന്നും സ്വീകരിച്ചില്ല. ശ്രീമതി സരസമ്മ കൃഷ്ണനെ തരം താഴ്ത്തിയ ഉത്തരവ് പിൻവലിച്ചിട്ടുണ്ട്.

അഴിമതികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ നടപടി

18 (3417)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.1996 മുതൽ 31.12.1999 വരെ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ കാഞ്ഞിരപ്പള്ളി താലൂക്ക് പട്ടികജാതി വികസന ഓഫീസർക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഓരോന്നിനും പണമായി എന്തുതുകവീതം നല്കി;

(ബി) ഈ പദ്ധതികളിൽ ഗ്രാമ പഞ്ചായത്തിന് കൈമാറിയവ ഏതെല്ലാം;

[+] അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(സി) പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതികളുടെ തുക പഞ്ചായത്തുകൾക്ക് നല്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; തുക പണമായി അലോട്ട്മെന്റ് ലറ്റർ വഴിയല്ലാതെ ജില്ലാ ആഫീസർ താലൂക്ക് ആഫീസർക്ക് നല്കുകയുണ്ടായോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ജില്ലാ ആഫീസർ താലൂക്ക് ഓഫീസർക്ക് ഏതൊക്കെ തീയതികളിൽ എത്ര രൂപ വീതമാണ് നല്കിയതെന്നും താലൂക്ക് ആഫീസർ കൈപ്പറ്റിയ തുക ഏതൊക്കെ ഗുണഭോക്താക്കൾക്ക് ഏത് തീയതികളിൽ നല്കിയെന്നും വ്യക്തമാക്കുമോ;

(ഇ) ഇതിനുമുൻപ് മറ്റ് സ്ഥാപനങ്ങളിൽനിന്ന് ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം കൈപ്പറ്റിയവർക്ക് വീണ്ടും പ്രസ്തുത പദ്ധതിയനുസരിച്ച് ആനുകൂല്യം നല്കിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ജി) മുകളിൽ പരാമർശിച്ചിരുന്ന പദ്ധതികളിൽ നടന്ന അഴിമതികളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

1. ഐ.എച്ച്.ഡി.പി. - 5463400/-രൂപ
2. പരമ്പരാഗതതൊഴിൽ - 10000/-രൂപ
3. പാരലൽകോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം - 63299-/രൂപ
4. അറ്റകുറ്റപണികൾക്ക് (വീട്) ധനസഹായം - 198000/- രൂപ
5. സ്വയംതൊഴിൽ ധനസഹായം - 100500/- രൂപ
6. എസ്.എസ്.എൽ.സി. തോറ്റവർക്ക് തുടർന്ന് പഠിക്കാൻ ധനസഹായം - 4800/- രൂപ
7. വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ ആശ്രിതർക്കുള്ള സഹായം - 4450/- രൂപ
8. സാമൂഹ്യഐക്യദാർഢ്യ പക്ഷാചരണം - 750/- രൂപ
9. ഹോസ്റ്റൽ അന്തേവാസികൾക്കുള്ള യാത്രാബത്ത - 48/- രൂപ

(ബി) ഈ പദ്ധതികൾ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

(ഡി) ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതികളുടെ അലോട്ടുമെന്റ് ഗ്രാമ പഞ്ചായത്തിനു നല്കിയിട്ടുണ്ട്. താലൂക്ക് ആഫീസർക്ക് റ്റി.പി. അക്കൗണ്ടൻസ് ഇല്ലാത്തതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന ഏഴ് പദ്ധതികളുടെ തുക ജില്ലാ ആഫീസറുടെ റ്റി.പി. അക്കൗണ്ടിൽനിന്നും വിവിധ ജില്ലകളിൽ പണമായി മാറി നല്കുകയാണ് ഉണ്ടായത്.

(ഡി) വിവരംശേഖരിച്ചു നല്കുന്നതാണ്.

(ഇ) പരാതികളൊന്നും ലഭിച്ചിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

19 (3418) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :- താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ-ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിലെ പുത്തൻകാട് പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളനി നിവാസികൾക്ക് കൈവശ ഭൂമിയ്ക്ക് പട്ടയം നല്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോളനിയിലെ എല്ലാ വീടുകളും സൗജന്യമായി വൈദ്യുതീകരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോളനിയിലേക്ക് ആവശ്യമായ സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ആന്റ് (ഡി) നടപടി സ്വീകരിക്കുന്നതാണ്.

അഖിലേന്ത്യാ മത്സരപരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ എണ്ണം കുറഞ്ഞുവരുന്നത് സംബന്ധിച്ച പഠനം

20 (3419) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഐ.എഫ്.എസ് തുടങ്ങിയ അഖിലേന്ത്യാ മത്സര പരീക്ഷകളിൽ വിജയിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ എണ്ണം കുറഞ്ഞുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അഖിലേന്ത്യാ മത്സര പരീക്ഷകളിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

School Teachers & Non-Teaching Staff Welfare Corporation Ltd.	-	-	-	-	-	-
Sub Total - P	-	-	-	-	-	-
Electricity Board	19	3814	275	-	28 SC + ST	67
Kerala Power Finance Corporation Ltd.	2	2	-	-	-	-
Sub Total - Q	21	3816	275	-	-	-
Kerala State Housing Board	31	208	23	1	-	3
Sub Total - R	31	208	23	1	-	3
Police Housing & Construction Corporation Ltd.	-	1	0	0	0	0
Sub Total - S	-	1	0	0	0	0
Kerala State Maritime Development Corpn Limited.	7	3	-	-	-	-
Sub Total - T	7	3	-	-	-	-
SIDCO Mohan Kerala Ltd	-	2	-	-	-	-
Sub Total	-	2	-	-	-	-
Grand Total	1697	10738	825	26	171	122

അനുബന്ധം X

(28.3.2000-ലെ ചോദ്യം (3416)-ന്റെ ഉത്തരം ദയവായി കാണുക.)

കോട്ടയം ജില്ലാ വെൽഫയർ ഓഫീസറുടെ ഉത്തരവ്

വിഷയം :- കോസ്മോപൊളിറ്റൻ ഹോസ്റ്റൽ - നാട്ടകം - ഹെഡ്കുക്ക് ശ്രീമതി സരസമ്മ കൃഷ്ണന്റെ പ്രൊമോഷൻ ക്യാൻസൽ ചെയ്തുകൊണ്ടുള്ള ഉത്തരവ്.

സൂചിക :- ഈ ഓഫീസിലെ 31.5.85 ലെ ഇതേ നം. ഉത്തരവ്.

ഉത്തരവ് നം. കെ2-10089/83 തീയതി 16.10.85

LIBRARY ARCHIVES Kerala Legislative Assembly

മേൽ സൂചികയനുസരിച്ച് വൈക്കം വെൽഫയർ ഹോസ്റ്റലിലെ കുക്കായിരുന്ന ശ്രീമതി സരസമ്മ കൃഷ്ണനെ പ്രൊമോട്ടു ചെയ്ത് നാട്ടകം കോസ്മോപൊളിറ്റൻ ഹോസ്റ്റലിൽ ഹെഡ്കുക്കായി നിയമിച്ചുത്തരവായിട്ടുണ്ട്. എന്നാൽ ശ്രീമതി സരസമ്മ കൃഷ്ണൻ ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നത് പിടിക്കുന്നില്ല എന്ന് ഹോസ്റ്റൽ അന്തേവാസികൾ പരാതി സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നാട്ടകം കോസ്മോപൊളിറ്റൻ ഹോസ്റ്റലിൽ കുക്കായി പ്രൊമോട്ടു ചെയ്ത് നിയമിച്ച ശ്രീമതി സരസമ്മ കൃഷ്ണന്റെ പ്രമോഷൻ റദ്ദു ചെയ്ത് വൈക്കം വെൽഫയർ ഹോസ്റ്റലിൽ 280-400 രൂപ ശമ്പള സ്കെയിലിൽ ശ്രീമതി ത്രേസ്യാമ്മ വർഗ്ഗീസിന്റെ അവധി ഒഴിവിൽ കുക്കായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി സരസമ്മ കൃഷ്ണനെ നാട്ടകം ഹോസ്റ്റലിലെ റസിഡന്റു ട്യൂട്ടർ ഉടൻതന്നെ റിലീവ് ചെയ്ത് അയയ്ക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യുകയും ചെയ്യേണ്ടതാണ്.

ഒപ്പ്,
ജില്ലാ വെൽഫയർ ഓഫീസർ

ശ്രീമതി സരസമ്മ കൃഷ്ണൻ,
ഹെഡ് കുക്ക്,
നാട്ടകം കോസ്മോപൊളിറ്റൻ ഹോസ്റ്റൽ

പകർപ്പ് :- റസിഡന്റ് ട്യൂട്ടർ, കോസ്മോപൊളിറ്റൻ ഹോസ്റ്റൽ, നാട്ടകം
താലൂക്ക് വെൽഫയർ ഓഫീസർ, വൈക്കം
കെ1/കെ2 ന്റെ കരുതൽ ഫയൽ.

അനുബന്ധം XI

(28.3.2000-ലെ ചോദ്യം 48 (3448)-ന്റെ ഉത്തരം ദയവായി കാണുക.)

തസ്തിക	ആകെ	പട്ടികജാതി	പട്ടികവർഗ്ഗം
എൽ.ഡി. ക്ലാർക്ക്	541	42	9
യു.ഡി. ക്ലാർക്ക്	548	43	6
ഹെഡ് ക്ലാർക്ക്	98	10	2
ജൂനിയർ സൂപ്രണ്ട്	90	24	–
ഡിവിഷണൽ അക്കൗണ്ടന്റ്	48	1	–
ഓവർസിയർ മൂന്നാംഗ്രേഡ്	411	37	1
ഓവർസിയർ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് II	402	36	3
ഓവർസിയർ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് I	411	58	2
അസി. എൻജിനീയർ	375	44	1
അസി.എക്സി.എൻജിനീയർ	218	13	2
എക്സി. എൻജിനീയർ	74	11	–

LIBRARY ARCHIVES Kerala Legislative Assembly